**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ് - ജീവനക്കാര്യം -എറണാകുളം ജില്ലയിലെ ഒക്കൽ ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ. എ.എം. അബ്ദുൾ അസീസ് ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA 2112/15 നമ്പർ കേസ്സിൻമേൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് പാലിച്ച് ഉത്തരവാകുന്നു

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

**സ.ഉ(സാധാ) നം.3159/2017/തസ്വഭവ തീയതി, തിരുവനന്തപുരം.27/09/2017**

---

പരാമർശം: 1. എറണാകുളം ജില്ലയിലെ ഒക്കൽ ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ. എ.എം. അബ്ദുൾ അസീസ് ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA 2112/2015 നമ്പർ കേസ്സിൻമേലുള്ള 11.01.2016 ലെ ഉത്തരവ്.

2. സ.ഉ.(കൈ) നമ്പർ 224/14/തസ്വഭവ, തീയതി 12/12/2014.
3. സ.ഉ.(സാധാ) നമ്പർ 3051/17/തസ്വഭവ, തീയതി 15/09/2017.
4. പഞ്ചായത്ത് ഡയറക്ടറുടെ 05.10.2016 ലെ ഇ 4-15763/16 നമ്പർ കത്ത്.
5. ശ്രീ. എ.എം. അബ്ദുൾ അസീസിന്റെ നിവേദനം.

## <u>ഉത്തരവ്</u>

എറണാകുളം ജില്ലയിലെ ഒക്കൽ ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ എ.എം. അബ്ദുൾ അസീസ് സമർപ്പിച്ച OA 2112/15 നമ്പർ അപേക്ഷയിന്മേൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ അപേക്ഷകൻ സമർപ്പിക്കുന്ന നിവേദനം ഒന്നാം എതിർ കക്ഷി (തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി) പരിശോധിച്ച്, അപേക്ഷകനെ നേരിൽ കേട്ട് ഉത്തരവ് ലഭിക്കുന്ന തീയതി മുതൽ 2 മാസത്തിനുള്ളിൽ തീർപ്പാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. സീനിയർ ക്ലാർക്ക് തസ്തികയിൽ നിന്നും ക്ലാർക്ക് തസ്തികയിലേയ്ക്ക് തരംതാഴ്ത്തിയതിനാലും 50 വയസ്സ് പൂർത്തിയായതിനാൽ വകുപ്പുതല പരീക്ഷകൾ പാസ്സാകുന്നതിൽ നിന്നും സ്ഥിരമായ ഇളവുകൾ നൽകി പരാമർശം(2) സർക്കാർ ഉത്തരവ് പ്രകാരം തന്നെ സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് പരിഗണിക്കണമെന്നുമാണ് ശ്രീ എ.എം. അബ്ദുൾ അസീസിന്റെ ആവശ്യം. ബഹു.ട്രിബ്യൂണലിന്റെ ഉത്തരവ് പ്രകാരം അപേക്ഷകനെ നേരിൽ കേൾക്കുന്നതിന് അവസരം നൽകുകയും ഈ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറി 03.08.2016-ൽ നേരിൽ കേൾക്കുകയുമുണ്ടായി.

3. 50 വയസ്സ് പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ സ്ഥിരമായ ഇളവ് നൽകി സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് പരിഗണിക്കണമെങ്കിൽ ടിയാന്റെ നിരീക്ഷണകാലം പൂർത്തീകരിക്കേണ്ടതുണ്ട്. ടിയാൻ അനുമതിയില്ലാതെ വിദേശത്ത് പോയ കാലയളവും

അനധികൃത ഹാജരില്ലായ്മയും ക്രമീകരിച്ചതിനു ശേഷമേ നിരീക്ഷണകാലം വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുവാൻ സാധിക്കുകയുള്ളൂ. ടിയാന്റെ അനധികൃത ഹാജരില്ലായ്മക്കാലയളവ് മുൻകാല സർവീസ് നഷ്ടമാകും വിധം നോൺ ഡ്യൂട്ടിയായി ക്രമീകരിച്ചു കൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്.

4. ടിയാന്റെ ജനന തീയതി 09.12.1963 ആണ്. കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 1994 ചട്ടങ്ങളിലെ ചട്ടം 9 ൽ ഉൾക്കൊള്ളിച്ചിട്ടുള്ള പരീക്ഷകൾ " സ്പെഷ്യൽ ക്വാളിഫിക്കേഷൻ " ടെസ്റ്റ് എന്നതിൽ നിന്നും ഒഴിവാക്കി "നിർബന്ധിത വകുപ്പ്തല പരീക്ഷ" എന്നാക്കി ഭേദഗതി ചെയ്ത് 12.12.2014 തീയതിയിൽ പരാമർശം(2) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ തീയതി പ്രാബല്യത്തിൽ മാത്രമേ നിർബന്ധിത വകുപ്പ്തല പരീക്ഷകളിൽ നിന്ന് ഒഴിവാക്കാൻ കഴിയുകയുള്ളൂ. ആയതിനാൽ ടിയാന് 50 വയസ്സ് പൂർത്തീകരിച്ച 08.12.2013 തീയതി പ്രാബല്യത്തിൽ നിർബന്ധിത വകുപ്പ്തല പരീക്ഷകളിൽ നിന്ന് ഒഴിവാക്കാൻ നിർവ്വാഹമില്ല.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ശ്രീ. എ.എം. അബ്ദുൾ അസീസിന് 50 വയസ്സ് പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് വിധേയമായി കെ.എസ് & എസ്.എസ്.ആർ പാർട്ട് 2 റൂൾ 13 ബി പ്രകാരം 13.12.2014 FN തീയതി പ്രാബല്യത്തിൽ ക്ലാർക്ക് തസ്തികയിലെ ടിയാളുടെ നിരീക്ഷണകാലം പ്രഖ്യാപിക്കുന്നതിനായി പ്രൊബേഷൻ കാലാവധി 14.12.2014 AN വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

6. പരാമർശം(2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടർ ഉത്തരവ് തീയതിയുടെ തൊട്ടടുത്ത തീയതിയിൽ Obligatory Departmental Test കളിൽ നിന്നും സ്ഥിരമായി ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ച് ടിയാന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും മറ്റുതരത്തിൽ യോഗ്യനാണെങ്കിൽ അതിനുശേഷമുണ്ടാകുന്ന സീനിയർ ക്ലാർക്ക് ഒഴിവിൽ പ്രസ്തുത തീയതിക്കു മുമ്പുള്ള തീയതിവച്ച് മുൻകാല പ്രാബല്യത്തോടല്ലാതെ സ്ഥാനക്കയറ്റത്തിന് ടിയാനെ പരിഗണിക്കേണ്ടതുമാണ്.

7. പരാമർശം (1) പ്രകാരമുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 11.01.2016 ലെ ഉത്തരവ് ഇപ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എസ്.മോഹൻദാസ്**
**ഗവ. അഡീഷണൽ സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ. എ.എം. അബ്ദുൾ അസീസ്, അമ്മാനെ വീട്ടിൽ, എടവനക്കാട്.പി.ഒ, എറണാകുളം, 682502
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, ഒക്കൽ ഗ്രാമപഞ്ചായത്ത്, എറണാകുളം(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
വെബ് ആൻഡ് ന്യൂ മീഡിയ(I&PRD)
ഡയറക്ടർ, ഐ.കെ.എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
കരുതൽ ഫയൽ / ആഫീസ് പകർപ്പ്.(ഫയൽ നം.ഇ-249/ഇപിഎ 1/2015/തസ്വഭവ)

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ